"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - കണ്ണൂർ ജില്ല- ചെറുപുഴ ഗ്രാമ പഞ്ചായത്ത് ഓഫീസ്- തെറ്റായ ശീർഷകത്തിൽ അടവാക്കിയ ജീവനക്കാരുടെ എൻ.പി.എസ് വിഹിതം - റീഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.920/2026/LSGD തീയതി,തിരുവനന്തപുരം, 25-04-2026

---

പരാമർശം:-

1. ചെറുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.07.2024ലെ 401032/GADC01/GPO/2024/3861(1) നമ്പർ കത്ത്
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01.01.2026ലെ LSGD/PD/31125/2025-NPSC3 നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ജീവനക്കാരുടെ എൻ.പി.എസ് വിഹിതം ഹെഡ് ഓഫ് അക്കൗണ്ട് മാറി അടവാക്കിയത് തിരികെ നൽകുന്നതിന് ചെറുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച പരാമർശം (1) പ്രകാരമുള്ള അപേക്ഷ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

2.ചെറുപുഴ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ 2023 മെയ് മാസം മുതൽ 2023 ഒക്ടോബർ മാസം വരെയുള്ള എൻ പി.എസ് വിഹിതം സ്റ്റാറ്റ്യൂട്ടറി പെൻഷൻ ബാധകമായുള്ള ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്ന 007-01-101-97-00-00-00-N-V എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് ചുവടെ ചേർക്കുന്ന ചെക്ക് നമ്പറുകൾ പ്രകാരം തെറ്റായി അടവാക്കിയിട്ടുള്ളതാണ് .

| ക്രമ നം | തീയതി | ചെക്ക് നം | തുക |
|---|---|---|---|
| 1 | 08.06.2023 | 248008 | 40426 |
| 2 | 06.07.2023 | 248015 | 40426 |
| 3 | 03.08.2023 | 248023 | 40426 |
| 4 | 04.09.2023 | 248031 | 41026 |
| 5 | 06.10.2023 | 248039 | 45758 |
| 6 | 02.11.2023 | 248045 | 29148 |

മേൽ തുക തിരികെ ഗ്രാമ പഞ്ചായത്തിലേക്ക് നൽകിയാൽ മാത്രമേ ജീവനക്കാരുടെ എൻ.പി.എസ് അക്കൗണ്ടിലേക്ക് അടവാക്കുവാൻ സാധിക്കുകയുള്ളൂ എന്നും ആയതിനാൽ പ്രസ്തുത തുക ചെറുപുഴ SBI യിലെ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള TSB A/C 799013000000495

എന്ന അക്കൗണ്ടിലേക്ക് തിരികെ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ജീവനക്കാരുടെ 2023 മെയ് മാസം മുതൽ 2023 ഒക്ടോബർ വരെയുള്ള എൻ.പി.എസ് വിഹിതം തെറ്റായി '0071-01-101-97' എന്ന ശീർഷകത്തിൽ അടവാക്കിയത് പ്രസ്തുത ശീർഷകത്തിൽ നിന്ന് തന്നെ റീഫണ്ട് അനുവദിച്ചും മേൽ അനുമതിയുടെ അടിസ്ഥാനത്തിൽ ആവശ്യമായ റീഫണ്ട് വിശദാംശങ്ങൾ ട്രഷറി റീഫണ്ട് മാസ്റ്ററിൽ ഉൾപ്പെടുത്തി തുക പിൻവലിച്ച് ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പദ്മിനി കെ എസ്

ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള തിരുവനന്തപുരം തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , കണ്ണൂർ (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി, ചെറുപുഴ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ധനകാര്യ വകുപ്പ് (15.03.2026 ലെ ഡെവ-4/392026-ധന നമ്പർ യു ഒ റിമാർക്സ് പ്രകാരം)
8.ഡയറക്ടർ, ഐ കെ എം
9.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
10.കരുതൽ ഫയൽ (ഫയൽ നം.7/ഇപിഎ1/2026-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 27-04-2026 11:15:50